**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2763** **12-07-2022 - ൽ മറുപടിയ്ക്ക്**

**വനവത്ക്കരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എ. രാജ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനാതിർത്തികളുടെയും വനപരിധിയിലുള്ള പ്രദേശങ്ങളുടെയും സർവ്വേ, അതിർത്തി തിരിക്കൽ, വനവത്ക്കരണ പ്രവർത്തനങ്ങൾ, വനാതിർത്തിയിൽ താമസിക്കുന്ന സമൂഹത്തെ വനസംരക്ഷണത്തിൽ പങ്കാളികളാക്കൽ എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (എ) | വനാതിർത്തികളുടെയും വനപരിധിയിലുള്ള പ്രദേശങ്ങളുടെയും സർവ്വേയും, അതിർത്തി തിരിക്കലും, വനവൽക്കരണ പ്രവർത്തനങ്ങൾക്കുമായി നടപ്പ് സാമ്പത്തിക വർഷം 4406-01-101-99-വനസംരക്ഷണം (വനാതിർത്തി സർവ്വേയും വനസംരക്ഷണവും) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 28 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്.<br><br>വനസംരക്ഷണ വനവൽക്കരണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പ വരുത്തുക എന്നത് 1988 ലെ ദേശീയ വനനയത്തിന്റെ ഭാഗമാണ്. ദേശീയ വനനയത്തിന്റെ ഭാഗമായി 1988 മുതൽ കേരളത്തിൽ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. ഇതിനായി വനം ഡിവിഷൻ തലത്തിൽ രൂപീകരിച്ച 50 വനവികസന ഏജൻസികളുടെ കീഴിൽ 427 വന സംരക്ഷണ സമിതികളും ( VSSs) 213 ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളും ( EDCs) രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. പ്രസ്തുത VSS/EDC കളിൽ തദ്ദേശവാസികളായ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രുതർ അംഗങ്ങളാണ്. ടി സമിതികളെ വനം വകുപ്പ് നടപ്പാക്കുന്ന വിവിധ വനപരിപാലന പദ്ധതികളിൽ പങ്കാലികളാക്കി വരുന്നു. ഇക്കോട്ടൂറിസം പദ്ധതിയിലും പ്രദേശത്തിന്റെ പരിപാലനത്തിനും സംരക്ഷണത്തിനുമായി VSS/EDC അംഗങ്ങളെ ഗൈഡുകളായി നിയോഗിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ നടപ്പാക്കുന്ന കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ 50% പ്രവർത്തനങ്ങളും VSS/EDC കൾ വഴിയാണ് നടത്തി വരുന്നത് . ഇതുവഴി വനാശ്രിതരായ | |

| | | | |
|---|---|---|---|
| | | | VSSC/EDC അംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും അതിലൂടെ അവരുടെ ജീവിതനിലവാരം ഉയർത്താനും സഹായകരമാകുന്നു. മേൽപദ്ധതികളുടെ നടത്തിപ്പിനായി തൻവർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും ഇക്കോ ടൂറിസത്തിനായി 7 കോടി രൂപയും, ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിക്കായി 10 കോടി രൂപയും ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ